1148/
1/11/14

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ഹീമോഫീലിയ രോഗബാധിതർക്കുള്ള പ്രതിമാസ ധനസഹായ പദ്ധതി - മാർഗ്ഗ നിർദ്ദേശങ്ങളിൽ ഭേദഗതി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(എം.എസ്.) നം.87/2014/സാനീവ തീയതി, തിരുവനന്തപുരം, 20.10.2014.

പരാമർശം 1.സ.ഉ. (എം.എസ്.)നം.17/2014/സാനീവ തീയതി 01.03.2014.
2. സ.ഉ. (എം.എസ്.)നം.58/2014/സാനീവ തീയതി 04.07.2014.
3. കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21.08.2014 ലെ 710/പി3/2014/കെ.എസ്.എസ്.എം നമ്പർ കത്ത്.

**ഉത്തരവ്**

ഹീമോഫീലിയ രോഗബാധിതർക്കുള്ള പ്രതിമാസ ധനസഹായ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഗവൺമെന്റ് മെഡിക്കൽ കോളേജ് ഇല്ലാത്ത ജില്ലകളിലെ രോഗികൾക്ക് നിലവിലെ മാനദണ്ഡം പ്രായോഗിക ബുദ്ധിമുട്ടുണ്ടാകുന്നതിനാൽ, താലോലം സ്കീമിൽ എംപാനൽ ചെയ്യപ്പെട്ട സ്ഥാപനങ്ങളായ പരിയാരം മെഡിക്കൽ കോളേജിലേയും എറണാകുളം മെഡിക്കൽ കോളേജിലേയും ബന്ധപ്പെട്ട വകുപ്പിലെ ഡോക്ടർമാരുടെ സർട്ടിഫിക്കറ്റും ആലുവാ ജില്ലാ ആശുപത്രിയിൽ ഹീമോഫീലിയ ട്രീറ്റ്മെന്റ് യൂണിറ്റുള്ളതിനാൽ ബന്ധപ്പെട്ട ഡോക്ടറുടെ സർട്ടിഫിക്കറ്റും പ്രസ്തുത പ്രതിമാസ ധനസഹായ പദ്ധതി ആനുകൂല്യം ലഭിക്കുന്നതിനായി പരിഗണിക്കണമെന്ന് പരാമർശം (3) പ്രകാരം കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(2). ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. ഹീമോഫീലിയയോ അനുബന്ധ രോഗങ്ങളോ ബാധിച്ചയാളാണെന്ന് ആലുവാ ജില്ലാ ആശുപത്രി/പരിയാരം മെഡിക്കൽ കോളേജ്/എറണാകുളം മെഡിക്കൽ കോളേജ് എന്നീ ആശുപത്രികളിലെ മെഡിസിൻ/ പീഡിയാട്രിക്സ്/ ഹെമറ്റോളജി വിഭാഗത്തിലെ ഡോക്ടർമാർ സാക്ഷ്യപ്പെടുത്തി, വകുപ്പ് തലവനോ/സ്ഥാപന സൂപ്രണ്ടോ മെഡിക്കൽ സർട്ടിഫിക്കറ്റിൽ Counter sign ചെയ്തു നൽകുന്ന സർട്ടിഫിക്കറ്റും ഹീമോഫീലിയ രോഗബാധിതർക്കുള്ള പ്രതിമാസ ധനസഹായം ലഭിക്കുന്നതിനായി പരിഗണിക്കേണ്ടതാണെന്ന് ഇതിനാൽ ഉത്തരവാകുന്നു.

(3). പരാമർശം (2) പ്രകാരമുള്ള ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങളിൽ ഖണ്ഡിക (6) മേൽ പ്രകാരം ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**ഡോ. കെ.എം. എബ്രഹാം**
അഡീഷണൽ ചീഫ് സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ,പൂജപ്പുര,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
ധനകാര്യ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
✓ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
കരുതൽ ശേഖരം, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ